ത്തു്. എങ്കിലും അവർ സത്യസന്ധരാണെന്നതിൽ ഒരു സംശയവും വേണ്ട!

പല്ലുതേക്കലാണു് തന്റെ ഹോബി എന്നു് ഒരു ജർമൻ പെൺകുട്ടി പറഞ്ഞുവത്രെ! തുരപ്പനെലി മണ്ണുമാന്തി ഉണ്ടാക്കിയ കുനകളിൽ കയറി നിൽക്കുന്നതാണു് തങ്ങളുടെ ഹോബി എന്നു് രണ്ടു് ആൺകുട്ടികൾ പ്രസ്താവിച്ചു.

സ്കൂൾ (കോളേജ്)രാഷ്ട്രീയം, പഠിപ്പുമുടക്കു്, ബസ്സിനു കല്ലെറിയൽ മുതലായവ തങ്ങളുടെ ഹോബികളാണെന്നു് പടിഞ്ഞാറൻ ജർമനിയിലെ ഏതെങ്കിലും ആൺകുട്ടിയോ പെൺകുട്ടിയോ പറയുകയുണ്ടായില്ല!

(9 നവംബർ, 1986)

# 75. സംഗീതക്കാസ്സെററുകൾ

പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനാണു് രാജ്യത്തിലെ—ഏതു രാജ്യത്തിലെയും—നിയമങ്ങളും കോടതികളും പോലീസ്സും സർക്കാരും.

ജീവൻ എന്താണെന്നു് എല്ലാവർക്കും അറിയാം. എന്താണു് സ്വത്തു്?

നിങ്ങൾ സമ്പാദിക്കുന്ന പണവും, അതുകൊണ്ടു നിങ്ങൾ വാങ്ങുന്ന വസ്തുക്കളും, ഈ വസ്തുക്കളിൽനിന്നു് അദ്ധ്വാനംകൊണ്ടു നിങ്ങൾ ഉല്പാദിപ്പിക്കുന്ന മററു വസ്തുക്കളും നിങ്ങളുടെ സ്വത്താണു്. മറെറാരാൾ തന്റെ സ്വത്തു് പൂർണമനസ്സോടെ നിങ്ങൾക്കു തന്നാൽ അതും നിങ്ങളുടെ സ്വത്തുതന്നെ.

ഇതു ഭൗതികസ്വത്തു്. ഇതിനുപുറമേ 'ബുദ്ധിപരമായ സ്വത്തു്' (ഇൻടെലെക്ച്വൽ പ്രോപ്പെർട്ടി) എന്നു വിളിക്കപ്പെടുന്ന മറെറാരു ഇനം സ്വത്തുകൂടിയുണ്ടു്.

നിങ്ങൾ ഒരെഴുത്തുകാരൻ ആണെന്നിരിക്കട്ടെ, നിങ്ങൾ എഴുതുന്ന നോവലുകളും കഥകളും നാടകങ്ങളും കവിതകളും എല്ലാം നിങ്ങളുടെ ബുദ്ധിപരമായ സ്വത്താണു്. ഈ സ്വത്തിൽ നിങ്ങൾക്കുള്ള അവകാശത്തെ 'കോപ്പിറൈററ്' എന്നു വിളിക്കുന്നു. നിങ്ങൾക്കു കോപ്പിറൈററ് ഉള്ള ഒരു കൃതി, നിങ്ങളുടെ അനുവാദംകൂടാതെ മറെറാരാൾ അച്ചടിച്ചോ, പകർത്തിയോ പ്രസിദ്ധീകരിച്ചുകൂടാ. അങ്ങനെ ചെയ്താൽ അതു മോഷണമായിരിക്കും. ഈ മോഷണം തെളിയിക്കപ്പെട്ടാൽ മോഷ്ടിച്ച ആൾക്കു കോടതി ശിക്ഷ വിധിക്കും.

നിങ്ങളുടെ ഭൗതികസ്വത്തുക്കൾ(നിലം, വീടു്, സ്വർണം, വാഹനം, വളർത്തുമൃഗങ്ങൾ, നിത്യോപയോഗവസ്തുക്കൾ)പോലെ നിങ്ങളുടെ കോപ്പിറൈററും വില്ക്കുകയോ, വാങ്ങുകയോ, പാട്ടത്തിനു കൊടുക്കുകയോ ചെയ്യാവുന്ന ഒരു 'വസ്തു' ആണു്.

ചിത്രകാരൻ വരച്ച ചിത്രങ്ങൾ, ശില്പി നിർമിച്ച പ്രതിമകൾ, ഗായകൻ പാടിയ പാട്ടുകൾ മുതലായവയും 'ബുദ്ധിപരമായ സ്വത്തു്' തന്നെ. ഇവ നിർമിച്ചവർക്കു് ഇവയിൽ കോപ്പിറൈററ് ഉണ്ടു്. നിയമം ഈ കോപ്പിറൈററിനു സംരക്ഷണം നൽകുന്നു.

മോഷ്ടിക്കപ്പെട്ട വസ്തുക്കൾ അറിഞ്ഞുകൊണ്ടു് ആരും വാങ്ങുകയില്ല. ഭൗതികസ്വത്തുക്കളുടെ കാര്യത്തിൽ, വാങ്ങും മുമ്പു്, അവയുടെ യഥാർത്ഥ ഉടമ ആരെന്നു് അന്വേഷിക്കുന്നതു് സാധാരണ ചടങ്ങായിട്ടുണ്ടു്.

പക്ഷേ, ഒരു പുസ്തകം വാങ്ങും മുമ്പ് അതിന്റെ യഥാർത്ഥ ഉടമ, കോപ്പിറൈറ്റ് ഉടമ, തന്നെയാണോ ആ പുസ്തകം നേരിട്ടോ, മറ്റൊരു ഏജൻസി മുഖേനയോ ഉല്പാദിപ്പിച്ച് മാർക്കറ്റിൽ ഇറക്കിയിട്ടുള്ളത് എന്നു നാം സാധാരണയായി അന്വേഷിക്കാറില്ല.

കള്ളപ്പുസ്തകനിർമാണം വളരെയൊന്നും വ്യാപകമായിട്ടില്ല. എന്നാൽ, കള്ളസ്സംഗീതക്കാസ്സെറ്റ്നിർമാണം ഇന്ത്യയിൽ ആപൽക്കരമാംവിധം വർദ്ധിച്ചിരിക്കുന്നു.

മാഗ്നെറ്റിക് ടെയ്പ്പുകളിൽ ശബ്ദം രേഖപ്പെടുത്താമെന്നു കണ്ടുപിടിച്ചതോടെ, ഇക്കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങൾക്കിടയ്ക്ക്, സംഗീതക്കാസ്സെറ്റ്നിർമാണം ലോകത്തിലെങ്ങും വലിയ ഒരു വ്യവസായമായി വളർന്നിട്ടുണ്ട്. ഇന്ത്യയിൽ ഇപ്പോൾ ആണ്ടുതോറും മുന്നൂറുകോടി രൂപ വിലയ്ക്കുള്ള സംഗീതക്കാസ്സെറ്റുകൾ നിർമിച്ചുവരുന്നുണ്ടത്രെ. നാനൂറ്റിനാല്പതു കോടി അടിയിലേറെ നീളംവരുന്ന മാഗ്നെറ്റിക് ടെയ്പ് 1984-ൽ ഇന്ത്യയിൽ ഉണ്ടാക്കിയിട്ടുണ്ട്. ഇതുപയോഗിച്ച് ഒരു കോടി അമ്പത്താറുലക്ഷത്തി അമ്പതിനായിരത്തോളം സംഗീതക്കാസ്സെറ്റുകൾ നിർമിക്കാം. 1990 ആവുമ്പോഴേക്ക് ഇന്ത്യയിൽ ആണ്ടുതോറും ഇരുപതു കോടി സംഗീതക്കാസ്സെറ്റുകൾ ആവശ്യമായി വരുമെന്നു കണക്കാക്കിയിരിക്കുന്നു.

തീർച്ചയായും, വലിയൊരു വ്യവസായമാണിതു്; വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായവും. പക്ഷേ, ഈ വ്യവസായം കൂടുതലും കളവായാണു നടക്കുന്നതു്. വ്യാജമദ്യനിർമാണംപോലെ വ്യാജക്കാസ്സെറ്റുനിർമാണവും ഇന്ത്യയിൽ തഴച്ചുവളർന്നിരിക്കുന്നു. നിങ്ങൾ പത്തു സംഗീതക്കാസ്സെറ്റുകൾ വാങ്ങുമ്പോൾ അവയിൽ ഒമ്പതെണ്ണമെങ്കിലും വ്യാജനിർമിതമായിരിക്കാനാണിട. യഥാർത്ഥത്തിൽ കളവുമുതൽതന്നെ, വേണമെങ്കിൽ, ഒരു വ്യാജനിർമിത സംഗീതക്കാസ്സെറ്റ് വാങ്ങിയ കുറ്റത്തിനു നിങ്ങളെ പ്രോസിക്യൂട്ട് ചെയ്യാം. നിങ്ങൾക്ക് അതു വിറ്റ ആളുടെ കാര്യം പറയാനുമില്ല. അയാൾ തികച്ചും കുറ്റവാളിയാണ്. കുറ്റം (വ്യാജനിർമിതമായ കാസ്സെറ്റിന്റെ വില്പന) ചെയ്യുന്നതു് ആദ്യത്തെ തവണയാണെങ്കിൽ, അയാൾക്കു മൂന്നു മാസംമുതൽ ആറു കൊല്ലംവരെ ജയിൽശിക്ഷയും അമ്പതിനായിരംമുതൽ രണ്ടു ലക്ഷംവരെ രൂപ പിഴയും കോടതി വിധിച്ചേക്കും. കുറ്റം രണ്ടാമത്തേതാകുമ്പോൾ ശിക്ഷ വർദ്ധിക്കും. ഇന്ത്യയിൽ സബ് ഇൻസ്പെക്ടർമുതൽ മേല്പോട്ടുള്ള ഏതു പോലീസ് ഉദ്യോഗസ്ഥനും, കടകളിലോ, തെരുവുവില്പനക്കാരുടെ കൈയിലോ, വീടുകളിലോ ഉള്ള സംഗീതക്കാസ്സെറ്റുകൾ വ്യാജനിർമിതമാണോ എന്നു പരിശോധിക്കാനും, കുറ്റക്കാരെന്നു കണ്ടവരുടെ പേരിൽ സ്വമേധയാ (ആക്ഷേപക്കാർ ഇല്ലെങ്കിൽക്കൂടി) കേസ്സെടുക്കാനും ഉള്ള അധികാരം നിയമപ്രകാരം നൽകപ്പെട്ടിട്ടുണ്ട്.

എന്നിട്ടും, 1985-ൽ വ്യാജനിർമിതങ്ങളായ പതിനെട്ടുകോടി സംഗീതക്കാസ്സെറ്റുകൾ ഇന്ത്യയിൽ വിറ്റഴിഞ്ഞിട്ടുണ്ടത്രേ. ഈ കള്ളവ്യാപാരം ഇന്ത്യയിൽ വ്യാപകമായി നടക്കുന്നുണ്ടെങ്കിലും, അതിന്റെ കേന്ദ്രം ദില്ലിയിൽ ചാന്ദ്നീചൗക്കിലുള്ള ലാജ്പത്റായ് മാർക്കറ്റ് ആണെന്നു പറയപ്പെടുന്നു. 1984-നുശേഷം ഇന്ത്യയിൽ ആകെ പോലീസ് പിടിച്ചെടുത്തിട്ടുള്ള കള്ളക്കാസ്സെറ്റുകളുടെ എണ്ണം ഒമ്പതിനായിരത്തിലേറെ മാത്രമാണ്. വൻകിട കള്ളക്കാസ്സെറ്റുനിർമാതാക്കളിൽ ഒരാളെപ്പോലും ഇന്നോളം ഇന്ത്യയിൽ അറസ്റ്റ്ചെയ്തിട്ടുമില്ല.

നിങ്ങൾക്കു കള്ളക്കാസ്സെറ്റുനിർമാണത്തിലേർപ്പെട്ട് എളുപ്പത്തിൽ കുറെ പണം സമ്പാദിക്കണം എന്നുണ്ടോ? ഒരു പ്രയാസവുമില്ല. ആദ്യമായി രണ്ടു് കാസ്സെറ്റ് പ്ലെയറുകൾ വാങ്ങുക. ഒന്ന് ശരിയായ (വ്യാജ

നിർമിതമല്ലാത്ത) കാസ്സെററ് ഇട്ട പാടിക്കാൻ; ആ പാട്ട് ഒഴിഞ്ഞ കാസ്സെററിലേക്ക പകർത്താൻ മറേറ്റു്.

ഇനി ദില്ലിയിലെ ലാജ്പത്റായ് മാർക്കററിൽ (അല്ലെങ്കിൽ മറെറവിടെയെങ്കിലും) ചെന്നു് ഓരോന്നിനും മൂന്നു രൂപ വിലയ്ക്കു് ഇന്ത്യയിൽ നിർമിച്ച ഒഴിഞ്ഞ (പാട്ടു് രേഖപ്പെടുത്താത്ത) കാസ്സെററുകൾ വാങ്ങുക. ശരിയായ കാസ്സെററുകളുടെ ഇരുവശങ്ങളിലും ഒട്ടിക്കുന്ന കടലാസ്സുലേബലുകൾ അച്ചടിച്ചുവില്ക്കുന്ന കടകൾ ലാജ്പത്റായ് മാർക്കററിലുണ്ടു്. 'കാർഡ്' എന്ന പേരിലാണു് ഈ ലേബൽ അറിയപ്പെടുന്നതു്. ഒന്നിനു് ഒരു പൈസ വിലയ്ക്കു്, ഏതു കമ്പനിയുടെയും ലേബലുകൾ ദില്ലിയിൽ വാങ്ങാൻ കിട്ടുമത്രേ.

അന്നന്നു് അതിപ്രചാരത്തിലുള്ള സിനിമാഗാനങ്ങളുടെ കാസ്സെററുകൾ വാങ്ങി, അവയിലെ ഗാനങ്ങൾ, നിങ്ങളുടെ കൈവശമുള്ള രണ്ടു കാസ്സെററ്പ്ലെയറുകൾ ഉപയോഗിച്ചു് ഒഴിഞ്ഞ കാസ്സെററുകളിലേക്ക പകർത്തുക. ഇവയിൽ 'കാഡ്'കൾ ഒട്ടിച്ച ശരിയാക്കുക. ഇന്ത്യയിൽ പൊതുവെ മാർക്കററിൽ ഇത്തരമൊരു കാസ്സെററിനു പതിനഞ്ചു രൂപയാണു വില. നിർമാണനികുതിയും വില്പനനികുതിയും ഒന്നുമില്ലാത്തതിനാൽ, മിടുക്കും ഭാഗ്യവുമുണ്ടെങ്കിൽ, നിങ്ങൾക്ക മുടക്കിയ മുതലിനു് ഇരുനൂറു ശതമാനമെങ്കിലും ലാഭം കിട്ടും. നിങ്ങളുടെ വ്യാപാരം പെട്ടെന്നു് പുഷ്ടിപ്പെടും. ഒന്നുരണ്ടു വർഷങ്ങൾക്കകം നിങ്ങൾക്ക മറെറാരു കോടീശ്വരനാവാം.

ഇന്ത്യൻ മാർക്കററിൽ പത്തിൽ ഒരു കാസ്സെററ് എങ്കിലും വ്യാജനിർമിതമല്ലാതെ ഉണ്ടല്ലോ. ഹിസ് മാസ്റ്റേഴ്സ് വോയ്സ് (എച്ച്. എം. വി.), മ്യൂസിക് ഇന്ത്യാ, സി. ബി. എസ്., സൂപ്പർ കാസ്സെററ്സ്, സംഗീത, തരംഗിണി മുതലായ ഏതാനും വ്യാപാരസ്ഥാപനങ്ങളാണു് ഈ ശരിയായ കാസ്സെററുകൾ നിർമിക്കുന്നതു്. വളരെ പണം ചെലവുചെയ്തു നിർമിച്ച സ്റ്റുഡിയോകളിൽ, അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിച്ചു് ഇവർ വിദഗ്ധരുടെ സംഗീതം കാസ്സെററുകളിൽ പകർത്തുന്നു. പാട്ടുകാർക്ക പത്തുശതമാനത്തോളം റോയൽററി ഇവർ നൽകുന്നു; പത്തുശതമാനത്തോളംതന്നെ വില്പനനികുതിയും, അതായതു്, ആണ്ടിൽ നിശ്ചയിക്കപ്പെടുന്ന ആദായനികുതിയും ഇവർ സർക്കാരിൽ ഒടുക്കുന്നു. ഇത്രയും നിർമാണച്ചെലവുവരുന്നതിനാൽ, ഒന്നിനു് ഇരുപത്തഞ്ചു രൂപ വിലയ്ക്കാണു് ഇവരുടെ കാസ്സെററുകൾ മാർക്കററിൽ വില്ക്കുന്നതു്. ഇതേ സംഗീതംതന്നെ (ചിലപ്പോൾ അല്പം ഗുണക്കുറവു വന്നേക്കാമെങ്കിലും) പതിനഞ്ചുരൂപ വിലയ്ക്കു വാങ്ങിയ, വ്യാജനിർമിതമായ, കാസ്സെററിൽനിന്നു ലഭിക്കുമെങ്കിൽ, നഷ്ടം സഹിച്ചും ശരിയായ കാസ്സെററേ വാങ്ങിക്കൂ എന്ന 'ശുദ്ധഗതി' എത്ര ആളുകൾക്കുണ്ടാവും? 1985—ൽ പതിനെട്ടു കോടി കള്ളക്കാസ്സെററുകൾ വിററഴിഞ്ഞ ഇന്ത്യയിൽ വിൽക്കപ്പെട്ട യഥാർത്ഥ കാസ്സെററുകളുടെ എണ്ണം അര കോടി മാത്രം ആണെന്നതിൽ അത്ഭുതത്തിനവകാശമുണ്ടോ? അര കോടി കാസ്സെററുകൾ വിററു് യഥാർത്ഥ കാസ്സെററ്നിർമാതാക്കൾ 1985—ൽ നേടിയതു് പന്ത്രണ്ടര കോടി രൂപയാണത്രെ. ഇതിൽ ഒന്നേകാൽ കോടി രൂപ മാത്രമാണു് ഗായകർക്ക റോയൽററിയായി കിട്ടിയതു്.

കാസ്സെററുകളുടെ വ്യാജനിർമാണം തടയുന്നപക്ഷം, ഗായകർക്ക കിട്ടുന്ന റോയൽററി ഇതിന്റെ പത്തിരട്ടിയെങ്കിലുമായി വർദ്ധിക്കും. നികുതിയിനത്തിൽ സർക്കാരിനുമുണ്ടാവും ഗണ്യമായ വരുമാനം.

പോലീസുകാർ മുൻകൈയെടുത്തു് കള്ളക്കാസ്സെററ് വ്യവസായം തടയുമെന്ന വ്യാമോഹം നമുക്കു് ആർക്കുമില്ല. അവർക്കു് വേറെ എന്തൊക്കെ ചെയ്യാനിരിക്കുന്നു!

കട്ടതാണെന്ന് ഉറപ്പുള്ള വസ്തുക്കൾ വാങ്ങാൻ വിസമ്മതിക്കുന്ന കുറെ ആളുകൾ, ഭാഗ്യവശാൽ, ഈ രാജ്യത്ത് ഇപ്പോഴും ഉണ്ടല്ലോ. അവരെങ്കിലും, തങ്ങൾ വാങ്ങുന്ന കാസ്സെറ്ററുകൾ വ്യാജനിർമിതമല്ലെന്ന് ഉറപ്പുവരുത്തിയാൽ, കള്ളക്കാസ്സെററ്നിർമാണവും വില്പനയും ഒരളവുവരെ തടയാൻ കഴിഞ്ഞേക്കും.

പിന്നീട് എഴുതിച്ചേർത്തത്:

ഈ ലേഖനത്തിൽ ഇത്ര മാത്രമേ ഞാൻ എഴുതിയിരുന്നുള്ളു. ലേഖനം എഴുതി പ്രസ്സിലേക്ക് അയച്ച കുറച്ചുസമയം കഴിഞ്ഞപ്പോൾ കമ്പോസിററർ എന്നെ കാണാൻവന്നു.

'ഉം?' ഞാൻ ചോദിച്ചു.

'ലേഖനത്തിൽ ഒരു സംശയമുണ്ടായിരുന്നു.' കമ്പോസിററർ പറഞ്ഞു.

'എന്താണ് സംശയം?'

'ശരിയായ കാസ്സെററേ വാങ്ങാവൂ എന്ന് സാർ എഴുതിയിരുന്നല്ലോ. ശരിയായ കാസ്സെററ് ഏതു്, വ്യാജനിർമിതം ഏതു് എന്ന് എങ്ങനെ തിരിച്ചറിയാം?'

'ലേബൽ നോക്കി അറിയണം.'

'ഒന്നിനു് ഒരു പൈസ വിലയ്ക്ക് ഏതു ലേബലും അച്ചടിച്ച് ദില്ലിയിൽ വിൽക്കുന്നുണ്ടെന്ന് സാർ ലേഖനത്തിൽ എഴുതിയിട്ടുണ്ട്. ഏതു് ലേബൽ ശരിയായതു്, ഏതു് വ്യാജനിർമിതം എന്ന് ഞങ്ങൾ എങ്ങനെ മനസ്സിലാക്കാനാണ്?'

എനിക്ക് ഉത്തരമുണ്ടായിരുന്നില്ല.

നിങ്ങൾക്കോ?

(2 നവംബർ, 1986)

# 76. എസ്. എസ്. എൽ. സി. പാസ്സായി, ഇനി എന്ത്?

വിദ്യാഭ്യാസനിലവാരം താഴ്ന്നുതാഴ്ന്നുവരുന്ന തോതിനു് പരീക്ഷകളിൽ റാങ്ക് നേടുന്ന മിടുക്കികൾക്കും മിടുക്കന്മാർക്കും നമ്മുടെ സമൂഹത്തിൽ നൽകുന്ന പ്രോത്സാഹനം ഉയർന്നുയർന്നു വരുന്നുണ്ട്. എസ്. എസ്. എൽ. സി. പരീക്ഷയിൽ റാങ്ക് നേടുന്നവരുടെ പടങ്ങളും, അവരുമായി ലേഖകർ നടത്തുന്ന അഭിമുഖസംഭാഷണങ്ങളും മലയാളപത്രങ്ങൾ വളരെയധികം പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുന്നു. 'നിങ്ങൾക്ക് എന്താവാനാണ് ആഗ്രഹം?' എന്ന പത്രലേഖകന്റെ സ്ഥിരം ചോദ്യത്തിനു് 'ഡോക്ടർ ആവാൻ', അല്ലെങ്കിൽ 'എൻജിനീയർ ആവാൻ', അതുമല്ലെങ്കിൽ 'ഐ. എ. എസ്. ആവാൻ' എന്നൊക്കെ വിദ്യാർത്ഥി സ്ഥിരം മറുപടിനൽകുന്നു.

റാങ്ക് കിട്ടാത്തവർക്കും പ്രോത്സാഹനത്തിനു കുറവില്ല. ഒരു സ്കൂളിൽ, ഒരു വിദ്യാഭ്യാസജില്ലയിൽ, ഒരു മതത്തിൽ, ഒരു സമുദായത്തിൽ— അങ്ങനെ, വേറിട്ടു നിർവചിക്കാവുന്ന ഏതെങ്കിലും ഗ്രൂപ്പിൽ, ഏററവുമധികം മാർക്ക് എസ്. എസ്. എൽ. സി. പരീക്ഷയിൽ നേടിയ കുട്ടികൾക്ക് മെഡലുകളും ക്യാഷ് അവാർഡുകളും നൽകുന്നതിനുള്ള പല യോഗങ്ങളിലും പങ്കെടുക്കാൻ ഈ ആണ്ടിൽ എനിക്ക് അവസരമുണ്ടായി. സ്റ്റേററിലുള്ള മുനിസിപ്പൽ ജീവനക്കാരുടെ മക്കളിൽ ഏററവും